# കേരള സർവകലാശാല

നം. പി.ആർ.126/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.എ ആർക്കിയോളജി പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ എം.എ ആർക്കിയോളജി 2016–2018 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധികരിച്ചു. എഹ്സാൻ റഹ്മത് ഇലാഹി (രജി. നം.81216618007) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.ഫിൽ അഡ്മിഷൻ

കേരളസർവ്വകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയുംവിവിധ പഠനവകുപ്പിലേക്കും ലക്ഷ്മിഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കും എം.ഫിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ 14 വരെ നീട്ടി. വിശദവിവരങ്ങൾ (www.admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ലഭിക്കും.

## ഡ്രൈവർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

സർവ്വകലാശാലയുടെ ജനസംഖ്യാ ഗവേഷണ കേന്ദ്രത്തിൽ (പി. ആർ.സി), ഒഴിവുള്ള ഡ്രൈവർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.വാക് -ഇൻ -ഇന്റർവ്യൂ ജൂൺ11 10.30 ന്പാളയം സർവ്വകലാശാല ആസ്ഥാനത്ത് നടക്കും. വിജ്ഞാപനവും മെഡിക്കൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും വിശദവിവരങ്ങളും (www.keralauniversity.ac.in) വെബ്സൈറ്റിൽ job notifications എന്ന ലിങ്കിൽ ലഭിക്കും.

## എം.എസ്.സി കമ്പ്യൂട്ടർ സയൻസ്

വിദൂര വിദ്യാഭ്യാസ കേന്ദ്രം ജൂൺ 20, ജൂലൈ 3,12 തീയതികളിൽ ആരംഭിക്കുന്ന എം.എസ്.സി കമ്പ്യൂട്ടർ സയൻസ് ഒന്ന്,രണ്ട്, മൂന്ന് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്.സി ആക്ച്യൂറിയൽ സയൻസ്/ ഡെമോഗ്രഫി- വൈവ

എം.എസ്.സി (സി.എസ്.എസ്.)നാലാം സെമസ്റ്റർ ആക്ച്യൂറിയൽ സയൻസ് വൈവ വോസി ജൂൺ 12 നും എം.എസ്.സി ഡെമോഗ്രഫി നാലാം സെമസ്റ്റർ വൈവ വോസി ജൂൺ 14 നും ഡിപ്പാർട്ട്മെന്റിൽ വച്ച് നടത്തുന്നു. വിദ്യാർത്ഥികൾ രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റിൽ ഹാജരാകേണ്ടതാണ്.

## സി.ബി. സി.എസ്.എസ്. ബി.എ ഫലം

2017 ജൂലൈ ൽ നടത്തിയ രണ്ടാം സെമസ്റ്റർ (സി.ബി. സി.എസ്.എസ്.)(2016 -റഗുലർ, 2015 -ഇൻപ്രൂവ്മെന്റ്, 2014&2013 സപ്ലിമെന്ററി) പരീക്ഷാഫലം

വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.സൂക്ഷ്മപരിശോധനക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ജൂൺ 20 വരെ അപേക്ഷിക്കാം.

## എം.കോം മേഴ്സിചാൻസ് (1996 സ്കീം) പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം 2017 ജൂലൈയിൽ നടത്തിയ എം.കോം മേഴ്സിചാൻസ് (1996 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം-2018.കരുനാഗപ്പള്ളി തഴവ ഗവ. കോളേജിൽ ബി.എ.സോഷ്യോളജി കോഴ്സ് അനുവദിച്ചു.ഓൺലൈൻ അപേക്ഷ നൽകാം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കരുനാഗപ്പള്ളി തഴവ ഗവ: കോളേജിൽ ബി.എ സോഷ്യോളജി (30 സീറ്റ്) അനുവദിച്ചിരിക്കുന്നു.താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാം. (http://www.admissions.keralauniversity.ac.in). നിലവിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ഈ കോഴ്സ് പുതിയ ഓപ്ഷനായി കൂട്ടിച്ചേർക്കാവുന്നതാണ്.നിലവിലെ അപേക്ഷയിൽ ഈ കോഴ്സ് ചേർക്കുന്നവർ അപേക്ഷയുടെ പുതിയ പ്രിന്റ് ഔട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം. സർവകലാശാലക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

## ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫോർമാറ്റിക്സ്-ജീനോംഡേറ്റാ അപഗ്രഥനം തയ്യാറാക്കൽ - അപേക്ഷ ക്ഷണിക്കുന്നു.

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫോർമാറ്റിക്സ് വകുപ്പിന് കീഴിലുള്ള ജീനോംഡേറ്റാ അപഗ്രഥനം തയ്യാറാക്കുന്ന പാനലിലേക്ക് സേവനം നൽകാൻ അപേക്ഷ ക്ഷണിക്കുന്നു.എംഫിൽ ബയോ ഇൻഫോർമാറ്റിക്സ്/ എംഫിൽ കമ്പ്യൂട്ടർ ഡ്രഗ് ഡിസൈൻ, പി.എച്ച്.ഡി ബയോ ഇൻഫോർമാറ്റിക്സ് എന്നിവയാണ് യോഗ്യത.ബയോഡാറ്റ സഹിതം ജൂൺ 9ന് മുമ്പായി അപേക്ഷിക്കുക.
വിലാസം- ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫോർമാറ്റിക്സ്, കേരള സർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം-695581.

## പരീക്ഷ മാറ്റിവച്ചു

ജൂൺ 6ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം- ഫുൾ ടൈം/റഗുലർ(ഈവനിംഗ്)/ ട്രാവൽ & ടൂറിസം/ യു.ഐ.എം) -യുടെ

'എം.ബി.എ 102- ബിസ്സിനസ്സ് & മാനേജേരിയൽ കമ്മ്യൂണിക്കേഷൻ' പരീക്ഷ മാറ്റി വച്ചിരിക്കുന്നു.പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.



തിരുവനന്തപുരം.
04.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**